**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1096** — **28.4.2017 ന് മറുപടിക്ക്**

## നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>**ശ്രീ.ഇ.കെ. വിജയൻ** | മറുപടി<br>മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| സംസ്ഥാനം അതി രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ നാദാപുരം മണ്ഡലത്തിൽ പുതുതായി ഏതൊക്കെ കുടിവെള്ള പദ്ധതികൾ ആരംഭിക്കാനും പ്രാവർത്തികമാക്കാനും ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | നാദാപുരം നിയോജക മണ്ഡലത്തിൽ ശ്രീ. ഇ.കെ. വിജയൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തറക്കണ്ടി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. കൂടാതെ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികളും പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇവയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു . ഇവയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.<br>1. ചെക്യാട് പഞ്ചായത്തിലെ എരുഞ്ഞാട് മുത്തങ്ങയാൽ കുടിവെള്ള പദ്ധതി<br>2. തൂണേരി പഞ്ചായത്തിലെ ബാലവാടി കുടിവെള്ള പദ്ധതി<br>3. വാണിമേൽ പഞ്ചായത്തിലെ വാളാംതോട് കുടിവെള്ള പദ്ധതി<br>4. മരുതോംകര പഞ്ചായത്തിലെ ചെക്കറ കുടിവെള്ളപദ്ധതി<br>കൂടാതെ കോഴിക്കോട് ജില്ലയിലെ നാദാപുരം നിയമസഭാ മണ്ഡലത്തിൽ നിലവിലുള്ള ഒഞ്ചിയം ചോറോട് പദ്ധതി, വടകര പദ്ധതി, കുന്നുമ്മൽ പദ്ധതി ഇവ വിപുലീകരിക്കുകയും മറ്റു പ്രദേശങ്ങൾ ഇതോടൊപ്പം ജല വിതരണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അതിന് സ്രോതസ്സ് മുതൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ രണ്ടാം ബാച്ചിൽ തിരഞ്ഞെടുത്ത ഇടച്ചേരി ഗ്രാമ പഞ്ചായത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ